# തിരുവനന്തപുരം സിറ്റി പോലീസ്

## അയൽവാസിയെ തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചയാൾ പിടിയിൽ

തിരുവനന്തപുരം: അയൽവാസിയെ തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പൗണ്ട്കടവ് വലിയവേളി യൂണിറ്റ് 17 തൈവിളാകത്ത് ഹൗസിൽ രാജൻകുട്ടി എന്ന് വിളിക്കുന്ന രാജൻ നെറ്റോ (44)-യെയാണ് തുമ്പ പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ദിവസം (06.11.2020) സൗത്ത് തുമ്പ ജംഗ്ഷന് സമീപത്ത് വച്ച് രാത്രി എട്ടു മണിയോടുകൂടിയാണ് ഇയാൾ മത്സ്യതൊഴിലാളിയായ അജിയെ ഇരുമ്പുവടി കൊണ്ട് തലയ്ക്കടിച്ച് വീഴ്ത്തിയത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ തുമ്പ എസ്.എച്ച്.ഒ അജേഷ്, എസ്.ഐ-മാരായ കുമാരൻനായർ, ബാബു എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് ഇന്നലെ പിടികൂടിയത്. ഇയാൾക്കെതിരെ തുമ്പ പോലീസ് സ്റ്റേഷനിൽ അഞ്ച് കേസ്സുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



തുമ്പ പോലീസ് അറസ്റ്റ് ചെയ്ത രാജൻകുട്ടി @ രാജൻ നെറ്റോ (44)